പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2630 — 2/04/2013 ൽ മറുപടിയ്ക്ക്

## പാഠ്യ വിഷയങ്ങൾ ഇ-ടെക്സ്റ്റ് വഴി നല്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) 2013-14 അദ്ധ്യയന വർഷത്തിലും സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ മുഴുവൻ പാഠപുസ്തകങ്ങളും കുട്ടികളുടെ കൈയിലെത്തിക്കുന്ന വിധം പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ആവശ്യമായ പുസ്തകങ്ങളുടെ അച്ചടി വളരെ നേരത്തേ തന്നെ തുടങ്ങി പൂർത്തിയായി വരുന്നു. വിതരണ ഏജൻസിയെ യഥാസമയം നിശ്ചയിക്കുന്നതിനുള്ള ടെണ്ടർ നടപടികളും മറ്റും ഫെബ്രുവരി മാസത്തിൽ തന്നെ പൂർത്തീകരിച്ച് വിതരണച്ചുമതല കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ സമയ ബന്ധിതമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| ബി) 2013-2014 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ ഓരോ ജില്ലകളിലേക്കും എത്ര വീതം വിതരണം ചെയ്തുവെന്നും ബാക്കി പുസ്തകങ്ങൾ എന്ന് വിതരണം ചെയ്യുമെന്നും വിശദമാക്കുമോ ; | (ബി) സ്കൂളുകളിലേക്കുള്ള വിതരണം പ്രാരംഭ ഘട്ടത്തിലാണ്. തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ സൊസൈറ്റികളിലേക്ക് പുസ്തകങ്ങൾ അയച്ചു തുടങ്ങി. മറ്റുള്ളിടത്ത് തരംതിരിച്ച് കെട്ടുകളാക്കുന്ന നടപടികൾ നടന്നു വരുന്നു. സ്കൂൾ തുറക്കുന്നതിനു മുമ്പ് മുഴുവൻ സൊസൈറ്റികളിലും പുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉൾപ്പെടുത്തി പാഠ്യ വിഷയങ്ങൾ ഇ-ടെക്സ്റ്റ് വഴിയുള്ള ടാബ്‌ലറ്റുകളായി നല്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ; | (സി) | പരിഗണനയിലാണ്. |
| ഡി) | എങ്കിൽ വിശദാംശങ്ങൾ നല്കുമോ ? | (ഡി) | അനിമേഷനുകൾ, ഇ-ബുക്കുകൾ, വെർച്ച്വൽ ലാബ് തുടങ്ങി പഠ്യാനുബന്ധ സഹായികളും പാഠ്യേതര-അധിക വായനയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള ഉള്ളടക്കങ്ങളുമാണ് ടാബ്‌ലറ്റ് പി.സി.യിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ചില ഉള്ളടക്കങ്ങൾ പ്രീലോഡ് ചെയ്യും ചിലത് ആവശ്യാനുസരണം 'സിങ്ക്രണൈസ്' ചെയ്യുന്ന രീതിയിലൂടെയുമാണ് ടാബ്‌ലറ്റ് പി.സി.യിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ